മലപ്പുറം ജില്ലയിലെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

46 (1713) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ മലപ്പുറം ജില്ലയിൽ ആരംഭിക്കുന്ന ഏതെങ്കിലും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ മറ്റ് ഏതെങ്കിലും ജില്ലകളിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഏതു ജില്ലകളിലേക്കാണ് മാറ്റാൻ ഉദ്ദേശിക്കുന്നത് ;

(ഡി) മലപ്പുറം ജില്ലയിൽ കേന്ദ്ര സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ ശിൽപ്പശാല ഉദ്ഘാടനത്തിനും മറ്റുമായി എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ കേന്ദ്രഗവൺമെന്റ് മലപ്പുറം ജില്ല പൈലറ്റ് പ്രോജക്ട് ജില്ലയായി അംഗീകരിച്ചു നടത്തുവാനിരുന്ന സെക്ടർ റിഫോംസ് പദ്ധതികൾ, വേൾഡ് ബാങ്ക് പദ്ധതികൾ മലപ്പുറം ജില്ലയിൽ നടത്തുവാൻ തീരുമാനിച്ചതിനാൽ കാസർഗോഡ് ജില്ലയാണ് പകരം എടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ നാലു ജില്ലകളിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പരിപാടിയിൻ കീഴിൽ മലപ്പുറം ജില്ല ഉൾപ്പെടുന്നതിനാൽ ഏകദേശം ഇതേ മാർഗ്ഗ നിർദ്ദേശങ്ങൾ പിൻതുടരുന്ന പദ്ധതികൾ മറ്റൊരു ഏജൻസിയുടെ കീഴിൽ ആവർത്തിക്കേണ്ട ആവശ്യകത ഇല്ലാത്തതിനാലാണ് മലപ്പുറം ജില്ലയെ പൈലറ്റ് പ്രോജക്ട് ജില്ലയായി തെരഞ്ഞെടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്.

(സി) കാസർകോട് ജില്ല.

(ഡി) 1.75 ലക്ഷം രൂപ.

തിരുവനന്തപുരം കുരിയാത്തി എം. ആർ. ഫിൽ പ്രദേശത്തെ ശുദ്ധ ജലക്ഷാമം

47 (1714) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കുരിയാത്തി എം.ആർ.ഫിൽ പ്രദേശത്ത് കഴിഞ്ഞ മൂന്നു വർഷത്തിലേറെയായി ശുദ്ധജലം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാട്ടർ അതോറിറ്റി അധികൃതർ ഇതു സംബന്ധിച്ച് ഇതുവരെ ഒരു നടപടിയും സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly